(എഫ്) എല്ലാ പ്രധാന ആശുപത്രികളിലെയും തലവൻമാരുടെ പ്രതിവാര കോൺഫറൻസുകൾ ചേർന്ന് ഭരണ നിർവഹണം വിലയിരുത്താൻ നിർദ്ദേശിക്കുമോ;

(ജി) ആശുപത്രി വികസന സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ പ്രത്യേക സംവിധാനം പരിഗണിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രികളുടെ ദൈനംദിന ഭരണവും പ്രതിസന്ധി നിർവ്വഹണച്ചുമതലയും അതാത് മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിനാണ്. അദ്ദേഹത്തെ ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ. എന്നിവർ സഹായിക്കുന്നു.

(ബി) സാമ്പത്തിക ഇടപാടുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചെലവാക്കാവുന്ന തുകയ്ക്ക് പരിധി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റോർ പർച്ചേഴ്സ് റൂൾസിനു വിധേയമായിട്ടാണ് അടിയന്തിരഘട്ടങ്ങളിലൊഴിച്ച് ഇടപാടുകൾ നടത്തുന്നത്. ഇടപാടുകളിൽ എന്തെങ്കിലും പിഴവുകൾ ഉണ്ടോ എന്ന് അന്വേഷിക്കുന്നതിന് ആഡിറ്റ് സംവിധാനവും നിലവിലുണ്ട്.

(സി) പ്രത്യേകമായ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ചിട്ടില്ല. ഭരണ നിർവ്വഹണ ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ സീനിയോറിറ്റിയുടേയും, സർവ്വീസ് യോഗ്യതയുടേയും അടിസ്ഥാനത്തിൽ പ്രമോഷനിലൂടെയാണ് പ്രസ്തുത തസ്തികകളിൽ എത്തുന്നത്.

(ഡി) ഇതിനാവശ്യമായ സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്.

(ഇ) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്) കോൺഫറൻസുകൾ ചേരുകയും, ഭരണ നിർവ്വഹണം വിലയിരുത്തുകയും ചെയ്യുന്ന പതിവ് നിലവിലുണ്ട്.

(ജി) ആശുപത്രി വികസന സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഇപ്പോൾതന്നെ സംവിധാനമുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ പേവാർഡുകളുടെ ശോചനീയാവസ്ഥ

135 [2627] ശ്രീ. തെറമ്പിൽ രാമകൃഷ്ണൻ:

„ ടി. എൻ. പ്രതാപൻ:

„ ജി. പ്രതാപവർമ്മ തമ്പാൻ:

„ എ. സുജനപാൽ:

„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ. എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്ര പേവാർഡുകളുണ്ട് എന്നും ഒരു മുറിയുടെ വാടക എത്രയാണെന്നും അറിയിക്കുമോ;

(ബി) ഈ മുറികളിൽ പാമ്പുശല്യം ഉണ്ടോ;

(സി) ഈ മുറികളുടെ ക്ലോസറ്റുകൾ പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പേവാർഡുകളുടെ കോമ്പൗണ്ടിൽ ചപ്പ്ചവറുകൾ അടിഞ്ഞുകൂടിയിട്ടുണ്ടോ;

(ഇ) അവ നിത്യവും നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പഴയ പേവാർഡിൽ 108 മുറികളും ഡീലക്സ് പേവാർഡിൽ 55 മുറികളും ഉണ്ട്.

പഴയ പേവാർഡിലെ ദിവസ വാടക നിരക്ക്

ഡീലക്സ് പേവാർഡ്	(5 എണ്ണം) 190 രൂപ
എ ടൈപ്പ്	(56 എണ്ണം) 180 രൂപ
ബി ടൈപ്പ്	(32 എണ്ണം) 170 രൂപ
ഡി ടൈപ്പ്	(4 എണ്ണം) 150 രൂപ
സ്പെഷ്യൽ ടൈപ്പ്	(2 എണ്ണം) 220 രൂപ
ടീച്ചേഴ്സ് പേവാർഡ്	(9 എണ്ണം) 70 രൂപ
	108

ഡീലക്സ് പേവാർഡ്

ബി, സി, ഡി ടൈപ്പ്	(27 എണ്ണം) 190 രൂപ
ഡി ടൈപ്പ് (ടി.വി.സെറ്റ് ഉള്ളത്)	(8 എണ്ണം) 220 രൂപ
ഇ, എഫ് ടൈപ്പ്	(7 എണ്ണം) 240 രൂപ
ഇ, ടൈപ്പ് (ടി.വി.സെറ്റ് ഉള്ളത്)	(8 എണ്ണം) 265 രൂപ
എഫ് ടൈപ്പ് (കളർ ടി.വി. ഉള്ളത്)	(9 എണ്ണം) 280 രൂപ
	55 എണ്ണം

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ളോസറ്റുകൾക്കും മറ്റും സംഭവിക്കുന്ന കേടുപാടുകൾ അപ്പപ്പോൾ നന്നാക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) പേവാർഡിനു ചുറ്റുമുള്ള ചപ്പ് ചവറുകൾ ദിവസവും മാറ്റി വൃത്തിയാക്കുന്നുണ്ട്.

എറണാകുളം ജില്ലയിലെ കടയിരുപ്പ് ഗവൺമെന്റ് ആശുപത്രി

136 [2628] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കടയിരുപ്പ് ഗവൺമെന്റ് ആശുപത്രിയിൽ എത്രപേരെ ഒരേ സമയം കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടെന്നും എത്ര പേരെ കിടത്തി ചികിത്സിക്കാൻ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടെന്നും കഴിഞ്ഞ 10 വർഷമായി പ്രതിവർഷം എത്രപേർ വീതം ഔട്ട്പേഷ്യൻസായും എത്രപേർ വീതം ഇൻപേഷ്യൻസായും ഇവിടെനിന്നും ചികിത്സ നടത്തി പോയി എന്നും വ്യക്തമാക്കുമോ;

(ബി) ഇവിടെ ഒരു മെയിൽ സർജനേയും ഒരു ലേഡി ഗൈനക്കോളജിസ്റ്റി നെയും സ്പീപ്പേഴ്സിനേയും ക്ലീനേഴ്സിനെയും പോസ്റ്റ് ചെയ്യണമെന്നുള്ള ആവശ്യത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും ഇപ്പോൾ ആവശ്യത്തിനുള്ള എല്ലാ സ്റ്റാഫും ഉണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) ഈ ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററും ലേബർ റൂമും ആവശ്യത്തിനുള്ള എക്വിപ്മെന്റ്സ് നൽകി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ലാബ്, ഇ.സി.ജി., അൾട്രാസൗണ്ട് സ്കാനിംഗ്, എക്സ് റേ തുടങ്ങി അത്യാവശ്യമായ എക്വിപ്മെന്റസ് ലഭിക്കുന്നതിനും വാർഡ് മോഡിഫിക്കേഷൻ നടത്തുന്നതിനും ഡോക്ടർക്കും സ്റ്റാഫിനും ക്വാർട്ടേഴ്സ് പണിയുന്നതിനും മറ്റുമായി ഡി.എച്ച്.എസിൽ സമർപ്പിച്ച എസ്റ്റിമേറ്റും പ്ലാനും കട്ടേഷനും പ്രോജക്ട് റിപ്പോർട്ടും ഏതു സ്കീമിലാണ് ഉൾപ്പെടുത്തി നടപ്പിലാക്കാൻ പോകുന്നത് എന്നും എന്നേക്ക് ഈ അവശ്യ സാധനസാമഗ്രികളും കെട്ടിടങ്ങളും നൽകുമെന്നും വ്യക്തമാക്കാമോ;

(ഇ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏക സർക്കാർ ആശുപത്രി യായ കടയിരുപ്പ് ഗവൺമെന്റ് ആശുപത്രിക്ക് ഒരു താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ് നൽകി അതിനാവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനെയും നിയമിച്ചും സാധന സാമഗ്രികൾ നൽകിയും കെട്ടിടങ്ങൾ പണിതീർത്തും ഈ പ്രദേശത്തെ രോഗികളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly